prepp

Practice, Learn and Achieve
Your Goal with Prepp

# UGC NET Exam

Malayalam

Simplifying
**Government Exams**

SSC CHSL | IAS EXAM | RRB NTPC | NTSE | CDS
SSC CGL | CBSE UGC NET | IBPS PO | NDA
SBI PO | IBPS CLERK | AFCAT | SSC JE | CTET
CSIR UGC NET | CAPF | IBPS RRB

www.prepp.in

# PAPER-II
# MALAYALAM

**Signature and Name of Invigilator**

1. (Signature) ____________________________
   (Name) ____________________________
2. (Signature) ____________________________
   (Name) ____________________________

OMR Sheet No. : ...............................................
(To be filled by the Candidate)

Roll No. | | | | | | | | |
(In figures as per admission card)

Roll No.____________________________________
(In words)

**J 2 2 1 4**

Time : $1\,^{1}/_{4}$ hours] [Maximum Marks : **100**

Number of Pages in this Booklet : **12** | Number of Questions in this Booklet : **50**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of fifty multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the Question Booklet will be replaced nor any extra time will be given.**
   (iii) After this verification is over, the OMR Sheet Number should be entered on this Test Booklet.
4. Each item has four alternative responses marked (A), (B), (C) and (D). You have to darken the circle as indicated below on the correct response against each item.
   **Example :** (A) (B) ● (D)
   where (C) is the correct response.
5. Your responses to the items are to be indicated in the **OMR Sheet given inside the Paper I Booklet only.** If you mark at any place other than in the circle in the OMR Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your Name, Roll Number, Phone Number or put any mark on any part of the OMR Sheet, except for the space allotted for the relevant entries, which may disclose your identity, or use abusive language or employ any other unfair means such as change of response by scratching or using white fluid, you will render yourself liable to disqualification.
9. You have to return the test question booklet and Original OMR Sheet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall. You are, however, allowed to carry original question booklet and duplicate copy of OMR Sheet on conclusion of examination.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There is no negative marks for incorrect answers.**

## परीक्षार्थियों के लिए निर्देश

1. इस पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए ।
2. इस प्रश्न-पत्र में पचास बहुविकल्पीय प्रश्न हैं ।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी । पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे, जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए उसके कवर पेज पर लगी कागज की सील को फाड़ लें । खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें ।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं । दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात् किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें । इसके लिए आपको पाँच मिनट दिये जायेंगे । उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा ।**
   (iii) इस जाँच के बाद OMR पत्रक की क्रम संख्या इस प्रश्न-पुस्तिका पर अंकित कर दें ।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (A), (B), (C) तथा (D) दिये गये हैं । आपको सही उत्तर के वृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है ।
   **उदाहरण :** (A) (B) ● (D)
   जबकि (C) सही उत्तर है ।
5. प्रश्नों के उत्तर **केवल प्रश्न पत्र I के अन्दर दिये गये OMR पत्रक पर ही** अंकित करने हैं । यदि आप OMR पत्रक पर दिये गये वृत्त के अलावा किसी अन्य स्थान पर उत्तर चिह्नांकित करते हैं, तो उसका मूल्यांकन नहीं होगा ।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें ।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें ।
8. यदि आप OMR पत्रक पर नियत स्थान के अलावा अपना नाम, रोल नम्बर, फोन नम्बर या कोई भी ऐसा चिह्न जिससे आपकी पहचान हो सके, अंकित करते हैं अथवा अभद्र भाषा का प्रयोग करते हैं, या कोई अन्य अनुचित साधन का प्रयोग करते हैं, जैसे कि अंकित किये गये उत्तर को मिटाना या सफेद स्याही से बदलना तो परीक्षा के लिये अयोग्य घोषित किये जा सकते हैं ।
9. आपको परीक्षा समाप्त होने पर प्रश्न-पुस्तिका एवं मूल OMR पत्रक निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद उसे अपने साथ परीक्षा भवन से बाहर न लेकर जायें । हालांकि आप परीक्षा समाप्ति पर मूल प्रश्न-पुस्तिका तथा OMR पत्रक की डुप्लीकेट प्रति अपने साथ ले जा सकते हैं ।
10. **केवल नीले/काले बाल प्वाईंट पेन का ही इस्तेमाल करें ।**
11. **किसी भी प्रकार का संगणक (कैलकुलेटर) या लाग टेबल आदि का प्रयोग वर्जित है ।**
12. **गलत उत्तरों के लिए कोई नकारात्मक अंक नहीं हैं ।**



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

## മലയാളം

## MALAYALAM

### Paper – II

**Note :** This paper contains **fifty (50)** objective type questions, each question carrying **two (2)** marks. Attempt **all** the questions.

ഈ ചോദ്യക്കടലാസ്സിൽ **അമ്പത്** (50) മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും **രണ്ട്** (2) മാർക്ക്. ഉത്തരക്കടലാസ്സിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

1. ഭാഷാ ഉല്പത്തിയെ സംബന്ധിച്ച വാദങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു. ശരിയായി ചേർത്തെഴുതിയത് ഏത് ?

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| a. | സംസ്കൃതജന്യവാദം | i. | ആറ്റൂർ, ഗോദവർമ്മ, ഉള്ളൂർ |
| b. | മിശ്രഭാഷാവാദം | ii. | ഇളംകുളം കുഞ്ഞൻ പിള്ള |
| c. | ഉപശാഖാവാദം | iii. | കോവുണ്ണി നെടുങ്ങാടി |
| d. | സ്വതന്ത്രവാദം | iv. | എൻ. വി. രാമസ്വാമി അയ്യർ, ഏ.ആർ രാജരാജവർമ്മ |

| | a | b | c | d |
|---|---|---|---|---|
| (A) | iii | ii | iv | i |
| (B) | i | iii | iv | ii |
| (C) | iv | ii | i | iii |
| (D) | ii | iv | iii | i |

2. 'ആരിയച്ചിനവുതട്ടിയ പദങ്ങൾ' എന്നാലെന്ത് ?
   (A) ചെന്തമിഴിലെ ചെയ്യുളുകൾ
   (B) സംസ്കൃത പദങ്ങളെ ദ്രവിഡ സംഘാതാക്ഷരമാക്കുമ്പോൾ സംഭവിക്കുന്ന പരിണാമം
   (C) ശുദ്ധ സംസ്കൃത പദങ്ങൾ
   (D) ദ്രാവിഡ പദങ്ങൾ

3. 'ഭാഷാമിശ്രമിതെന്റികഴാനെ' എന്ന് ശിവരാത്രി മാഹാത്മ്യത്തിൽ പ്രസ്താവിച്ചതിന്റെ പൊരുൾ
   (A) കേരള ഭാഷയ്ക്കു പുറമേ സംസ്കൃതവും തന്റെ കൃതിയിൽ കാണാം
   (B) ചെന്തമിഴും സംസ്കൃതവും കലർന്നതാണ് തന്റെ കൃതിയിലെ ഭാഷ
   (C) കേരള ഭാഷയുടെയും പാണ്ഡ്യ ഭാഷയുടെയും മിശ്രമാണ് താനുപയോഗിച്ച ഭാഷ
   (D) തന്റെ കൃതിയിലെ ഭാഷ ഭാഷാമിശ്രമല്ല, സ്വാഭാവിക ഭാഷതന്നെയാണ്

4. മാർദ്ദംഗികരുടെ തമിഴ് എന്തിനുപയോഗിച്ചിരുന്നു ?
   (A) ഗദ്യകൃതികൾ രചിക്കാൻ
   (B) വിഭക്ത്യന്തസംസ്കൃതം ഒഴിവാക്കിയുള്ള സാഹിത്യ രചനയ്ക്ക്
   (C) പുരാണ കഥകൾ സദസ്സിൽ വിസ്തരിക്കാൻ
   (D) കൂത്തിനും പാഠകത്തിനും

5. 'ഇ കലിൽ വെന്റിവിളയും' എന്ന ഫലശ്രുതി ഏതു കൃതിയിൽ ?
   (A) കണ്ണശ്ശരാമായണം (B) രാമചരിതം
   (C) കൃഷ്ണഗാഥ (D) ഭാഷാ ഭഗവത്ഗീത



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

6. ‘മഹിളാളി മഹാസ്പദം’ എന്ന് പരിഹസിച്ചു വിളിക്കപ്പെട്ടത് ?
(A) ശൃംഗാര പ്രധാനമായ ആട്ടക്കഥകളെ (B) പ്രാചീന മണിപ്രവാള കാവ്യങ്ങളെ
(C) കൃഷ്ണഗാഥയെ (D) വെൺമണി കൃതികളെ

7. ശരിയായി ചേർത്തെഴുതിയത് ഏത് ?

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| a. | ഗ്രാമർ ഇൻ ലീലാതിലകം | i. | പ്രഭാകര വാരിയർ |
| b. | ദക്ഷിണേന്ത്യൻ ഭാഷകളുടെ തുലനാത്മക വ്യാകരണം | ii. | എൻ.വി. രാമസ്വാമി അയ്യർ |
| | | iii. | റോബർട്ട് കാൻഡ്വൽ |
| c. | ലാംഗ്വേജ് ഓഫ് മിഡിൽ മലയാളം | iv. | കെ. രത്നമ്മ |
| d. | പൂർവ്വകേരള ഭാഷ | v. | പുതുശ്ശേരി രാമചന്ദ്രൻ |

| | a | b | c | d |
|---|---|---|---|---|
| (A) | v | ii | i | iv |
| (B) | iv | v | i | ii |
| (C) | ii | iii | v | i |
| (D) | iii | iv | i | v |

8. **കാര്യം** : കേരളപാണിനീയത്തിൽ ചരിത്ര ഘടകം യുക്തിഘടകത്തേക്കാൾ മുഴച്ചു നിൽക്കുന്നു എന്ന് പി.കെ. നാരായണ പിള്ള പറഞ്ഞിട്ടുണ്ട്.
**കാരണം** : വിവരണാത്മകവും ആഗമികവുമായ സമീപനങ്ങൾ കേരളപാണിനീയകാരൻ ഒരുമിച്ചു സ്വീകരിച്ചു.
(A) കാര്യം തെറ്റ്, കാരണവും തെറ്റ്. (B) കാര്യം ഭാഗികമായി ശരി, കാരണം തെറ്റ്.
(C) കാര്യവും, കാരണവും ശരി. (D) കാര്യം ശരി, കാരണം തെറ്റ്.

9. പ്രസിദ്ധപ്പെടുത്തിയ മുറയ്ക്ക് ശരിയായ ക്രമമേത് ?
(A) മാർത്താണ്ഡവർമ്മ, ഇന്ദുലേഖ, ധർമ്മരാജാ, രാമരാജാബഹദൂർ
(B) ഇന്ദുലേഖ, മാർത്താണ്ഡവർമ്മ, ധർമ്മരാജാ, രാമരാജാബഹദൂർ
(C) ധർമ്മരാജാ, മാർത്താണ്ഡവർമ്മ, ഇന്ദുലേഖ, രാമരാജാബഹദൂർ
(D) മാർത്താണ്ഡവർമ്മ, ധർമ്മരാജാ, ഇന്ദുലേഖ, രാമരാജാബഹദൂർ

10. പൂഞ്ചോലക്കര എടത്തിലെ കല്യാണിയമ്മ കാശിയിൽവെച്ച് ചിത്രകാരനായ രാമൻ മേനോനുമായി ബന്ധപ്പെടുന്ന പ്രമേയമുള്ള ആദ്യകാല നോവൽ
(A) കല്യാണി (B) ശാരദ
(C) അമൃതപുളിനം (D) അപ്ഫന്റെ മകൾ

11. തോറ്റംപ്പാട്ടുകളിലെ ‘തോറ്റം’ എന്ന വാക്കിന്റെ അർത്ഥം
(A) തമിഴ് വിരുന്നങ്ങൾ (B) കൊയ്ത്ത്
(C) സ്തുതി (D) കുർബ്ബാന

12. ‘ചോനകക്കുതിരയെ ചേണാട്ടുവിറ്റാല്
ആനയച്ചുടനായിരം കിട്ടലാം’
ഏതു കൃതിയിൽ
(A) ഉണ്ണിയച്ചിചരിതം (B) ഉണ്ണിയാടിചരിതം
(C) നൈഷധംചമ്പു (D) കൊടിയ വിരഹം

13. മാപ്പിളപ്പാട്ടിലെ പ്രാസം
(A) എതുക (B) കമ്പി
(C) പദാദിപ്രാസം (D) അനുപ്രാസം



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

**14.** 'സുലളിത പദവിന്യാസാ
രുചിരാലങ്കാരശാലിനീമധുരാ'
കാവ്യകടാക്ഷരീതിയിലുള്ള ഈ പ്രസ്താവം ആരുടേത് ?

(A) കോട്ടയം (B) ഉണ്ണായിവാരിയർ
(C) ഇരയിമ്മൻതമ്പി (D) വയസ്കര മൂസ്സ്

**15.** **കാര്യം** : നളചരിതം അരങ്ങിലല്ല പാരായണത്തിലാണ് ആസ്വാദ്യകരമാകുന്നത്.
**കാരണം** : (i) വികാരങ്ങളുടെ സ്തോഭജനകന്യവും ചടുലരംഗക്രിയകളും നളചരിതത്തിൽ കുറവാണ്.
(ii) നളചരിത കഥാപാത്രങ്ങളുടെ ഭാവഗരിമയെ സ്വാംശീകരിക്കാൻ കഥകളി നടന്മാർക്ക് ഒരിക്കലും കഴിഞ്ഞിട്ടില്ല.

(A) കാര്യം ശരി, കാരണം (ii) മാത്രം ശരി.
(B) കാര്യം തെറ്റ്, കാരണങ്ങൾ രണ്ടും ശരി.
(C) കാര്യവും, കാരണങ്ങളും തെറ്റ്.
(D) കാര്യവും, കാരണങ്ങളും ഭാഗികമായി മാത്രം ശരി.

**16.** അർണോസ് പാതിരി രചിച്ച 'വൊക്കാബുലാറിയം മലബാറിക്കോലൂസിനാഹം' എന്ന മലയാളം-പോർത്തുഗീസ് നിഘണ്ടു പരിഷ്കരിച്ച് പ്രസിദ്ധപ്പെടുത്തിയത്

(A) സി. മാധവൻ പിള്ള (B) ഉലഹന്നാൻ മാപ്പിള
(C) പ്രബോധചന്ദ്രൻ നായർ (D) സ്കറിയ സക്കറിയ

**17.** മലയാളം ലക്സിക്കന്റെ പ്രഥമ എഡിറ്റർ

(A) ബി.സി. ബാലകൃഷ്ണൻ (B) പി. സോമശേഖരൻ നായർ
(C) ശൂരനാട്ടു കുഞ്ഞൻ പിള്ള (D) എസ്. ഗുപ്തൻ നായർ

**18.** ശരിയായി ചേർത്തെഴുതിയത് ഏത് ?

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| a. | അടൂരിന്റെ ചലച്ചിത്രയാത്രകൾ | i. | മങ്കട രവിവർമ്മ |
| b. | ദേശ്യഭാവനയുടെ ഹർഷമൂല്യങ്ങൾ | ii. | അടൂർ ഗോപാലകൃഷ്ണൻ |
| c. | ഉടലിന്റെ താരസഞ്ചാരങ്ങൾ | iii. | എം.എഫ്. തോമസ് |
| d. | ചിത്രം ചലച്ചിത്രം | iv. | സി.എസ്. വെങ്കിടേശ്വരൻ |
| | | v. | പി.എസ്. രാധാകൃഷ്ണൻ |

| | a | b | c | d |
|---|---|---|---|---|
| (A) | iii | v | iv | i |
| (B) | v | iv | ii | iii |
| (C) | ii | iii | v | i |
| (D) | iii | iv | i | ii |

**19.** ശരിയായി ചേർത്തെഴുതിയത് ഏത് ?

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| a. | യഗണം | i. | ആദിഗുരു |
| b. | രഗണം | ii. | അന്ത്യലഘു |
| c. | തഗണം | iii. | മധ്യലഘു |
| d. | ഭഗണം | iv. | ആദിലഘു |
| | | v. | മധ്യഗുരു |

| | a | b | c | d |
|---|---|---|---|---|
| (A) | iv | iii | ii | i |
| (B) | iii | iv | i | ii |
| (C) | ii | iii | v | iv |
| (D) | i | v | iv | v |



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

**20.** വൃത്തമേത് ?

'കാലമതിന്റെ കനത്ത കരംകൊണ്ടു
ലീലയാലൊന്നുപിടിച്ചു കുലുക്കിയാൽ
പാടേപതറിക്കൊഴിഞ്ഞുപോം-
ബ്രഹ്മാണ്ഡ-
പാദപപ്പൂക്കളാം താരങ്ങൾ കൂടിയും'

(A) കാകളി
(B) മണികാഞ്ചി
(C) അന്നനട
(D) നതോന്നത

**21.** ചേർച്ചയില്ലാത്തത് ഏത് ?

(A) എണ്ണപ്പാടം – എൻ.പി. മുഹമ്മദ്
(B) ഇനി ഞാൻ ഉറങ്ങട്ടെ – പി.കെ. ബാലകൃഷ്ണൻ
(C) ആവിലായിലെ സൂര്യോദയം – എം. മുകുന്ദൻ
(D) അസുര സങ്കീർത്തനം – മാടമ്പു കുഞ്ഞിക്കുട്ടൻ

**22.** ചേർച്ചയുള്ളത് ഏത് ?

(A) ഭസ്മാസുരൻ – ടി.എം. എബ്രഹാമിന്റെ നാടകം
(B) ഇൻഡ്യൻ സ്കെച്ചുകൾ – വിനയചന്ദ്രന്റെ യാത്രാ വിവരണം
(C) നിറമുള്ള നിഴലുകൾ – വിലാസിനിയുടെ നോവൽ
(D) കർട്ടൻ – എൻ.എൻ. പിള്ളയുടെ നാടകം

**23.** പ്രസിദ്ധപ്പെടുത്തിയ മുറയ്ക്ക് ശരിയായ ക്രമമേത് ?

(A) നാലുകെട്ട്, അസുരവിത്ത്, മഞ്ഞ്, കാലം
(B) അസുരവിത്ത്, നാലുകെട്ട്, കാലം, മഞ്ഞ്
(C) മഞ്ഞ്, നാലുകെട്ട്, അസുരവിത്ത്, കാലം
(D) നാലുകെട്ട്, മഞ്ഞ്, അസുരവിത്ത്, കാലം

**24.** ശരിയായി ചേർത്തെഴുതിയത് ഏത് ?

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| a. | മായൻ | i. | ഹിരണ്യകശിപു |
| b. | കുഞ്ഞോനാച്ചൻ | ii. | വസൂരി |
| c. | ഏലിക്കുട്ടി | iii. | ഉമ്മാച്ചു |
| d. | ശ്രീഹരി | iv. | അരനാഴികനേരം |
| | | v. | നെട്ടൂർ മഠം |

| | a | b | c | d |
|---|---|---|---|---|
| (A) | v | ii | iii | iv |
| (B) | ii | i | iii | i |
| (C) | iii | iv | ii | i |
| (D) | iv | i | ii | v |



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

25. ശരിയായ ഗണമേത് ?

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| a. | വാസനാവികൃതി | i. | മൂർക്കോത്തു കുമാരൻ |
| b. | കല്യാണിക്കുട്ടി | ii. | വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ |
| c. | കയ്മളശ്ശന്റെ കല്യാണം | iii. | ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ |
| d. | എന്റെ കോഴിക്കോടുയാത്ര | iv. | സി.എസ്. ഗോപാലപ്പണിക്കർ |
| | | v. | അമ്പാടി നാരായണപ്പൊതുവാൾ |

| | a | b | c | d |
|---|---|---|---|---|
| (A) | ii | iii | v | i |
| (B) | v | iv | i | ii |
| (C) | iv | ii | iii | i |
| (D) | iii | ii | iv | v |

26. **കാര്യം** : എൻ. കൃഷ്ണപിള്ളയുടെയും സി.ജെ. തോമസിന്റെയും നാടകങ്ങൾക്ക് സാർവ്വത്രികമായി അവതരണ സന്ദർഭങ്ങൾ ഉണ്ടായില്ല.

**കാരണം** : (i) ആ നാടകങ്ങളിൽ നാടകീയതയുടെ ഘടകങ്ങൾ കുറവായിരുന്നു.

(ii) മനുഷ്യ സ്വഭാവ വൈരുദ്ധ്യങ്ങളും ജീവിതത്തിന്റെ ആഴത്തിലുള്ള ക്രിയാസന്ധികളും നിറഞ്ഞ ആ നാടകങ്ങൾ, വികാരങ്ങളുടെ ബഹിർഭാഗ ചിത്രങ്ങൾ അടക്കി വാണിരുന്ന ഒരു വേദിയ്ക്ക് എളുപ്പം എത്തിപ്പിടിക്കാവുന്നതായിരുന്നില്ല.

(iii) സി.ജെ. തോമസിനും, കൃഷ്ണപിള്ളയ്ക്കും തങ്ങളുടെ കാലഘട്ടത്തിലെ നാടക വേദിയുമായി പുലർത്താനാകാതെപോയ സജീവ ബന്ധവും ഒരു കാരണമാണ്.

(A) കാര്യം ശരി, കാരണം (iii) മാത്രം ശരി. (B) കാര്യവും, കാരണങ്ങളും ശരി.
(C) കാര്യം ശരി, കാരണം (ii) ഉം (iii) ഉം ശരി. (D) കാര്യവും, കാരണങ്ങളും തെറ്റ്.

27. ശരിയായി എഴുതിച്ചേർത്തത് ഏത് ?

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| a. | ഖുറൈശിപ്പാത്തു | i. | ബാല്യകാലസഖി |
| b. | കുറുമ്പിയമ്മ | ii. | ഖസാക്കിന്റെ ഇതിഹാസം |
| c. | മൈമുന | iii. | സ്മാരകശിലകൾ |
| d. | സുഹ്റ | iv. | മയ്യഴിപ്പുഴയുടെ തീരങ്ങളിൽ |
| | | v. | ആരോഹണം |

| | a | b | c | d |
|---|---|---|---|---|
| (A) | iii | iv | ii | i |
| (B) | iv | ii | iii | i |
| (C) | v | iii | ii | iv |
| (D) | ii | iii | iv | v |

28. താഴെ കൊടുത്തിരിക്കുന്ന സാഹിത്യ നിരൂപണങ്ങൾ പ്രകാശിതമായ മുറയ്ക്ക് ക്രമീകരിക്കുക.

(A) നളിനിയുടെ അവതാരിക, ഭാഷാകവിത, നളിനിയും ഈനക് ആർഡനും, കുറത്തി ഒരർത്ഥാന്തരന്യാസം

(B) കുറത്തി ഒരർത്ഥാന്തരന്യാസം, നളിനിയും ഈനക് ആർഡനും, ഭാഷാകവിത, നളിനിയുടെ അവതാരിക

(C) ഭാഷാകവിത, നളിനിയുടെ അവതാരിക, നളിനിയും ഈനക് ആർഡനും, കുറത്തി ഒരർത്ഥാന്തരന്യാസം

(D) നളിനിയും ഈനക് ആർഡനും, നളിനിയുടെ അവതാരിക, ഭാഷാകവിത, കുറത്തി ഒരർത്ഥാന്തരന്യാസം



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

**29.** വെള്ളായിയപ്പൻ എന്ന കഥാപാത്രത്തെ നായകനാക്കി ആഖ്യാനം ചെയ്ത ഓ.വി. വിജയന്റെ ചെറുകഥ

(A) യാത്രയുടെ ആരംഭം (B) കടൽത്തീരത്ത്

(C) ചെങ്ങന്നൂർ വണ്ടി (D) അരിമ്പാറ

**30.** ശരിയായി ചേർത്തെഴുതിയത് ഏത് ?

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| a. | വയലാർ അവാർഡ് | i. | പി.കെ. രാജശേഖരൻ |
| b. | വിലാസിനി പുരസ്കാരം | ii. | ആറ്റൂർ രവിവർമ്മ |
| c. | എഴുത്തച്ഛൻ പുരസ്കാരം | iii. | സുഗതകുമാരി |
| d. | സരസ്വതി സമ്മാൻ | iv. | കെ.പി. രാമനുണ്ണി |
| | | v. | വിനയചന്ദ്രൻ |

| | a | b | c | d |
|---|---|---|---|---|
| (A) | iv | i | v | iii |
| (B) | ii | iv | v | i |
| (C) | iii | v | iv | ii |
| (D) | v | iii | ii | i |

**31.** 'ലേബർ റൂം' എന്ന നാടകം എഴുതിയത്

(A) സജിത മഠത്തിൽ (B) ശ്രീജ കെ.വി.

(C) ഗ്രേസി (D) സി.എസ്. ചന്ദ്രിക

**32.** വ്യക്തി, വർഗ്ഗം എന്നു വേർതിരിക്കാൻ കഴിയാത്ത പദങ്ങളെ കുറിയ്ക്കുന്ന നാമമാണ്

(A) സാമാന്യനാമം (B) ദ്രവ്യനാമം

(C) ഗുണനാമം (D) മേയനാമം

**33.** പുല്ലാണു പുസ്തകജ്ഞാനം
പുലരിതൻ പുല്ലാങ്കുഴൽവിളി
വന്നു പുണരവേ – ആരുടെ വരികൾ

(A) വയലാർ (B) പി. ഭാസ്കരൻ

(C) കെടാമംഗലം പപ്പുക്കുട്ടി (D) ഇടപ്പള്ളി

**34.** 'അപകടം എന്റെ സഹയാത്രികൻ' എന്ന ആത്മകഥ എഴുതിയത്

(A) ഒരു സൈനിക മേധാവി (B) ഒരു വൈമാനികൻ

(C) ഒരു പത്രപ്രവർത്തകൻ (D) ചലച്ചിത്രനടൻ

**35.** ശരിയായി ചേർത്തെഴുതിയത് ഏത് ?

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| a. | കാമനെന്നിവനെ സ്ത്രീകൾ<br>കാലനെന്നോർത്തു വൈരികൾ | i. | സമാസോക്തി |
| b. | ഹന്ത ! ചന്ദ്രമുഖിയ്ക്കിന്നു<br>ചെന്തീയായിതു ചന്ദനം | ii. | കാവ്യലിംഗം |
| c. | കന്ദർപ്പ നീകളിക്കേണ്ട<br>മന്ദ ഞാൻ ശിവഭക്തനാം | iii. | വിരോധാഭാസം |
| d. | കുന്ദപാണ്ഡവ വീരന്മാർ<br>പൊരുനോരിടമാണിത് | iv. | ഉദാത്തം |
| | | v. | ഉല്ലേഖം |

| | a | b | c | d |
|---|---|---|---|---|
| (A) | ii | i | iv | v |
| (B) | iii | v | i | ii |
| (C) | iv | ii | iii | v |
| (D) | v | iii | ii | iv |



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

36. "ഇന്നു കവി ഛേദിക്കപ്പെട്ട ഒരു ശിരസ്സാണ് അവന്റെ രക്തപങ്കിലമായ പ്രവാഹം തെരുവിൽ മുഴങ്ങുന്നു. എന്നിലും ശക്തർ എനിക്കു പിമ്പേ വരുന്നു." – ഈ പ്രസ്താവം ആരുടേത് ?

(A) എസ്. ജോസഫ് (B) സാവിത്രി രാജീവൻ
(C) റോസ്മേരി (D) ബാലചന്ദ്രൻ ചുള്ളിക്കാട്

37. 'മിസ്റ്റിക് പുളവൻമാർ, റിയലിസക്കൊറ്റി, ഏകാങ്കനാടകപ്പച്ചക്കുതിര, ഊഴിമാന്തുന്ന ഗവേഷണച്ചാഴി, ഖണ്ഡകാവ്യത്തേരട്ട' – ഈ പരിഹാസോക്തി ആരുടേത് ?

(A) ചങ്ങമ്പുഴ (B) വേളൂർ കൃഷ്ണൻകുട്ടി
(C) ചെമ്മനം ചാക്കോ (D) സുകുമാർ

38. സുകുമാർ അഴീക്കോടിന്റെ ചില പ്രധാന വാദങ്ങൾ

(i) രമണൻ മികച്ച കൃതിയല്ല
(ii) എഴുത്തുകാരൻ പുരോഗമന പ്രസ്ഥാനപക്ഷത്തു നിൽക്കണം
(iii) ശങ്കരക്കുറുപ്പിന്റെ പ്രസക്തി ചോദ്യം ചെയ്യപ്പെടേണ്ടതാണ്
(iv) അക്കാദമിക് വിമർശനമാണ് മികച്ച വിമർശനം

(A) (i) ഉം (ii) ഉം ശരി (B) (i) ഉം (iii) ഉം ശരി
(C) (i) ഉം (iii) ഉം (iv) ഉം ശരി (D) (iv) മാത്രം ശരി

39. കേസരിയുടെ വിമർശന പദ്ധതിയെക്കുറിച്ചും ആധുനിക കവിതയെക്കുറിച്ചും ഉള്ള സൂക്ഷ്മ ചർച്ചകൾ അവതരിപ്പിച്ച നിരൂപണഗ്രന്ഥം

(A) ഛത്രവും ചാമരവും (B) നവചക്രവാളം നളിനിയിലും മറ്റും
(C) സൗന്ദര്യ നിരീക്ഷണം (D) ചിതയിലെ വെളിച്ചം

40. **കാര്യം** : തനതുകല, തനതു സംസ്കാരം, പാരമ്പര്യം എന്നീ ഘടകങ്ങളുടെ സമ്പൂർണ്ണവും സമഗ്രവുമായ സംയോഗവും അതിൽ നിന്നൂറിത്തിരിയുന്ന ഒരു നവ്യനാടകവേദിയും മലയാളത്തിൽ ഇനിയും അർത്ഥപൂർണ്ണമായ സാന്നിദ്ധ്യമായി മാറിയിട്ടില്ല.

**കാരണം** : (i) പാരമ്പര്യകലാരൂപങ്ങളുടെ അവിദഗ്ധമായ അനുകരണവും സ്വീകാരവും നാടകവേദിയിൽ സാർവ്വത്രികമായി.

(ii) തനതു സംസ്കാരത്തിൽ പിറന്ന കാവാലം, ശങ്കരപ്പിള്ള തുടങ്ങിയവരുടെ പല നാടകങ്ങളും മുൻചൊന്നതിന് അപവാദവുമാണല്ലോ.

(A) കാര്യം ശരി, കാരണം (i) ശരി.
(B) കാര്യം തെറ്റ്, കാരണം (i) ഉം (ii) ഉം ഭാഗികമായി ശരി.
(C) കാര്യം ഭാഗികമായി ശരി, കാരണം (i) ഭാഗികമായും കാരണം (ii) പൂർണ്ണമായും ശരി.
(D) കാര്യവും, കാരണങ്ങളും തെറ്റ്.

41. ജർമ്മൻ സർവ്വകലാശാലയിലെ ഗുണ്ടർട്ട് ശേഖരണത്തിൽനിന്ന് തലശ്ശേരി രേഖകളും, പയ്യന്നൂർ പാട്ടും, പഴശ്ശി രേഖകളും മറ്റും കണ്ടെടുത്തു പ്രകാശിപ്പിച്ച ഗവേഷകൻ

(A) എൻ.എം. നമ്പൂതിരി (B) കെ.കെ.എൻ. കുറുപ്പ്
(C) എം.ജി.എസ്. നാരായണൻ (D) സ്കറിയാ സക്കറിയാ



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

**42.** 'ഇടയ്ക്കെന്റെ വനചേതസ്സിലാ
മൃഗപൗരാണികൻ കുടഞ്ഞെണീയ്ക്കുന്നു
അതിപുരാതനൻ, ഇലച്ചാർത്തിനുമേലെ
കുതിപ്പോൻ, സൂര്യനെപ്പിടിക്കാൻ
ചാടുവോൻ'

(A) കടമ്മനിട്ട കാട്ടാളനെപ്പറ്റി
(B) വിജയലക്ഷ്മി മൃഗശിക്ഷകനെപ്പറ്റി
(C) സുഗതകുമാരി ഗജേന്ദ്രനെപ്പറ്റി
(D) വൈലോപ്പിള്ളി സഹ്യന്റെ മകനെപ്പറ്റി

**43.** മുടന്തൻ ന്യായം – മുടന്തൻ എന്നത് ഏതു വിഭാഗത്തിൽപ്പെടുന്നു ?
(A) പേരെച്ചം
(B) വിനയെച്ചം
(C) പൂർണ്ണക്രിയ
(D) ഇതൊന്നുമല്ല

**44.** താങ്കൾ എന്ന പദം ഏതു സർവ്വനാമമാണ്.
(A) പ്രഥമ പുരുഷൻ
(B) ഉത്തമ പുരുഷൻ
(C) സമാന്യസർവ്വനാമം
(D) മധ്യമ പുരുഷൻ

**45.** ശരിയായി ചേർത്തെഴുതിയത് ഏത് ?

**പട്ടിക – I**

a. തുടുവെള്ളാമ്പൽ പൊയ്കയല്ല,
ജീവിതത്തിന്റെ
കടലേ കവിതയ്ക്കു ഞങ്ങൾക്കു
മഷിപ്പാത്രം

b. ഞാനൊരു കവിതക്കാരൻ
കപടവിതക്കാരൻ
വികടകവിതക്കാരൻ
എന്നാലും വിതക്കാരൻ

c. അന്ധർ നിൻതുമ്പിയോ
കൊമ്പോ
പള്ളയോ തൊട്ടിടഞ്ഞിടാം
എനിക്കുകൊതി നിൻവാലിൻ
രോമംകൊണ്ടുരു മോതിരം

d. മുക്തമാം ഛന്ദസ്സും
മുറിയുന്ന താളവും
രക്തവും മഷിയുമായി
ഞാൻ വിയർക്കുന്നു.

**പട്ടിക – II**

i. ആറ്റൂർ
ii. എ. അയ്യപ്പൻ
iii. വയലാർ
iv. കുഞ്ഞുണ്ണി
v. പി. ഭാസ്കരൻ

| | a | b | c | d |
|---|---|---|---|---|
| (A) | iii | iv | i | ii |
| (B) | i | iii | ii | v |
| (C) | v | i | iii | iv |
| (D) | iii | ii | v | iv |

prepp



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

താഴെ കൊടുത്തിട്ടുള്ള കാവ്യഭാഗം വായിച്ച് തുടർന്നു വരുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ജനിച്ച നാടു വി,ട്ടകലെയാസ്സാമിൽ
പണിക്കു പോയ്‌വരും പരിഷകൾ ഞങ്ങൾ.

കുതിച്ചു തീവണ്ടി കിതച്ചു പായുന്നൂ,
കുതുകാൽ ചിന്തകൾ കുതിക്കുന്നൂ മുമ്പേ,

പല നാളായ് പിരിഞ്ഞിരുന്ന ഞങ്ങൾക്കീ
മലനാടെത്രമേൽ മധുരദർശനം !

തുരുതുരെക്കൊക്കു പറക്കും പാടങ്ങൾ,
തുടരണിമണി കിലുങ്ങും മേടുകൾ,

മുടി വിടുർത്താടും കവുങ്ങുതെങ്ങുകൾ-
ക്കിടയ്ക്കു പുഞ്ചിരി പൊഴിക്കും വീടുകൾ.

കരയ്ക്കു മാമ്പൂവാം നിരത്തുകൾ, നാട്ടിൻ-
പുറത്തെ സ്വപ്നം കണ്ടെഴും നഗരികൾ,

ഉടനുടനോടിയടുക്കട്ടേ, ചുറ്റും
നടനം ചെയ്യട്ടേ, പഴയ കൂട്ടുകാർ !

ഒരൊറ്റത്തെങ്ങു കണ്ടിടത്തിലൊക്കെയും
സ്മരിച്ചു ഞങ്ങളീപ്പിറന്ന നാടിനെ.

വെളുത്ത വസ്ത്രമൊന്നുടുത്തു കണ്ടിട-
ത്തലിവൊടോർത്തിതീയമലനാടിനെ.

അറിയുമേ ഞങ്ങ,ളറിയുമീ നാടു
നരകമാക്കീടും നരകീടങ്ങളെ.

പഹയന്മാരോടു പകരം വീട്ടട്ടേ
പകയിൽ നീറുന്ന വരുന്ന കാലങ്ങൾ.

ഇവിടെ ഞങ്ങൾക്കീപ്പഴയ മണ്ണിൽത്താ-
നിനിയും ജീവിതം പടർത്തുകിൽ പോരും.

ഉദരത്തിൻ പശി കെടുത്താൻ പോയ് ഞങ്ങൾ;
ഹൃദയത്തിൻവിശപ്പടക്കുവാൻ പോന്നു.

നിറഞ്ഞിരിക്കിലും ദരിദ്രമീ രാജ്യം,
നിറന്നിരിക്കിലും വികൃത,മെങ്കിലും

ഇവിടെ സ്നേഹിപ്പാ, നിവിടെയാശിപ്പാ,-
നിവിടെ ദുഃഖിപ്പാൻ കഴിവതേ സുഖം !

തളർന്ന ഞങ്ങളെയവിടെയല്ലിലും
തണുപ്പിലും വന്നു സമാശ്വസിപ്പിച്ചു.

പ്രഭയൊടിങ്ങെഴും ചെറുമുഖങ്ങളും
പ്രണയച്ചൂടെഴും മുലത്തടങ്ങളും

പനിയിലും ഞങ്ങൾ പലരും നാട്ടിലെ-
പ്പരദൈവങ്ങൾക്കു കരുതി നേർച്ചകൾ.

അറിയുമൊക്കെയു,മണച്ചു പുൽകുവാൻ
വിരികൈ നീട്ടുമീ വിവശകേരളം.



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

മരിച്ചുപോയവ,രിവരെക്കാൾ മുമ്പേ
തിരിച്ചുവന്നിട്ടുണ്ടിവിടെ നിശ്ചയം !

ശരിക്കൊരാരവം മഴയിരമ്പംപോൽ
ശ്രവിപ്പീലേ നിങ്ങളകലത്തുനിന്നും ?

അതീപ്പുകവണ്ടി വരും വിരാവമ;-
ല്ലറിക, ഞങ്ങൾതൻകുതൂഹലോദ്ഘോഷം !

ഇതാ തിരിച്ചെത്തീ, യിതാ തിരിച്ചെത്തീ,
കൃതാർത്ഥരാം ഞങ്ങൾ പുതുമഴപോലെ !

കുടിയിലെ പ്രേമക്കൊടികളേ,യോമൽ-
ക്കുരുന്നുമെയ്കളേ, പഴയ തോഴരേ,

പണക്കിഴി ചൊട്ടിപ്പലരും ഞങ്ങളിൽ-
പ്പനിപ്പൊതികളായ് വരുന്നുവെങ്കിലും,

പുനസ്സമാഗമക്കുളുർമ്മതാനിന്നൊ-
രനർഘസമ്പത്തി, നമുക്കു സമ്പുഷ്ടി !

**46.** ഏതു കാലത്തെ സംഭവമാണ് അസ്സാം പണിക്കാർ എന്ന കവിതയിൽ വിവരിക്കുന്നത് ?
(A) 1940-42 ലെ യുദ്ധകാലം
(B) ഒന്നാം ലോക മഹായുദ്ധം
(C) വയനാട്ടിലേക്കുള്ള കുടിയേറ്റം
(D) സ്വാതന്ത്ര്യ സമരകാലം

**47.** മുടി വിടർന്നാടും കവുങ്ങുതെങ്ങുകൾ എന്നത്
(i) മുടിയേറ്റിനെ അനുസ്മരിച്ച്
(ii) മുടിയാട്ടത്തെ അനുസ്മരിച്ച്
(iii) പകർന്നാട്ടത്തെ അനുസ്മരിച്ച്
(iv) പാമ്പിൻ തുള്ളലിലെ അനുസ്മരിച്ച്
(A) (i) ഉം (ii) ഉം ശരി
(B) (ii) ഉം (iv) ഉം ശരി
(C) (ii) മാത്രം ശരി
(D) (iv) മാത്രം ശരി

**48.** 'ഹൃദയത്തിൻ വിശപ്പടക്കുവാൻ പോന്നു' – അർത്ഥം
(A) ദാരിദ്ര്യം കാരണം പിറന്ന നാട്ടിലേക്കു തിരിക്കുവാനുള്ള മോഹം
(B) സമ്പാദിക്കുവാനുള്ള മോഹം
(C) വാത്സല്യവും പ്രണയവും ആസ്വദിക്കുവാനുള്ള മോഹം
(D) പാടങ്ങളും മേടുകളും കാണാനുള്ള മോഹം

**49.** 'മരിച്ചുപോയവർ, ഇവരെക്കാൾ മുമ്പേ
തിരിച്ചു വന്നിട്ടുണ്ടിവിടെ നിശ്ചയം'
(i) മരിച്ചുപോയ കാരണവന്മാർ കാത്തു നിൽക്കും
(ii) ആസ്സാമിൽവെച്ചു മരിച്ചുപോയ കൂട്ടുകാരുടെ ആത്മാക്കൾ മുമ്പേ തിരിച്ചെത്തി-യിരിക്കുന്നു.
(iii) മരിച്ചുപോയവരാരും തിരിച്ചു വരുന്നില്ല.
(iv) ഞങ്ങളുടെ ബന്ധുക്കളെല്ലാവരും മരിച്ചുപോയി.
(A) (i) ഉം (ii) ഉം തെറ്റ്
(B) (ii) മാത്രം തെറ്റ്
(C) (iv) ശരി
(D) (ii) മാത്രം ശരി

**50.** ഈ കവിതയിൽ ആവിഷ്കരിക്കുന്ന ഭാവം ?
(A) ആന്റി റൊമാന്റിസിസം
(B) നൊസ്റ്റാൾജിയ
(C) നാചറലിസം
(D) കാല്പനിക മനസ്സുകളുടെ വിഹ്വലതകൾ



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

prepp

# Latest Sarkari jobs, Govt Exam alerts, Results and Vacancies

- Latest News and Notification
- Exam Paper Analysis
- Topic-wise weightage
- Previous Year Papers with Answer Key
- Preparation Strategy & Subject-wise Books

To know more **Click Here**

www.prepp.in